File No.TCPCTP/231/2020-C3

**<u>മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം</u>**
**<u>തിരുവനന്തപുരം</u>**

വിഷയം:- നഗരഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - കൊല്ലം ജില്ല കൊല്ലം നഗരസഭ വടക്കേ വിള വില്ലേജ് ആശുപത്രികെട്ടിട നിർമ്മാണാനുമതി കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കൊല്ലം നഗരസഭാ സെക്രട്ടറിയുടെ 20/12/2019 ലെ PW10/BA/16/14-15 നമ്പർ കത്ത്.

2. കൊല്ലം ടൗൺ പ്ലാനറുടെ 29/01/2020 ലെ TCPKLM/999/19-C നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/231/2020-C3 തീയതി:**10/02/2020**

---

കൊല്ലം ജില്ലയിലെ കൊല്ലം നഗരസഭ പരിധിയിലുള്ള വടക്കേ വിള വില്ലേജിൽ സർവ്വേ നമ്പർ 557/1,2,4,5,6, 571/11,12,15,16,18, 572/33-34,35, 8/2, 9-5, 35/2, 573/13(2) എന്നിവയിൽപ്പെട്ട 23192.27 ച.മീ. സ്ഥലത്ത് ആശുപത്രി കെട്ടിടം, സമർപ്പിച്ചിരിക്കുന്ന ഡ്രായിങ്ങുകൾ പ്രകാരം അനുബന്ധ ഉപയോഗങ്ങളും വാഹനപാർക്കിംഗും നൽകികൊണ്ട് വിപുലീകരിക്കുന്നതിനായുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ സെക്രട്ടറി, കൊല്ലം ജില്ലാ സഹകരണ ആശുപത്രി സൊസൈറ്റി ക്ലിപ്തം നമ്പർ. ക്യൂ 952, പാലത്തറ, തട്ടാമല, കൊല്ലം -ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 1999-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. ടി പ്ലോട്ട് പൂർണ്ണമായും പബ്ലിക് & സെമി പബ്ലിക് സോണിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതിയ മാസ്റ്റർ പ്ലാൻ നിലവിൽ വരുന്നതിന് മുൻപ് സമർപ്പിച്ചിരിക്കുന്ന ലേഔട്ട് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള നിർമ്മാണങ്ങൾ ഒഴികെ പുതിയ നിർമ്മാണങ്ങളോ കൂട്ടിച്ചേർക്കലുകളോ അനുമതി ഇല്ലാതെ നടത്താവുന്നതല്ല.
2. നിർദ്ദിഷ്ട നിർമ്മാണം കെ.എം.ബി.ആർ.1999-നും അനുബന്ധഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
3. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന/നിർമ്മാണ പ്രവർത്തനങ്ങൾ 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.
4. State Environment Impact Assessment Authority(SEIAA)യുടേയും അഗ്നി ശമന സേന വകുപ്പിനെയും, സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ് മുതലായവരുടെ എൻ.ഒ.സി. ലഭ്യമാക്കിയതിനുശേഷം മാത്രമേ അനുമതി നൽകാവൂ.
5. കെ.എം.ബി.ആർ.1999-ലെ ചട്ടം 11 (1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അളവുകൾ, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ

പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ടി പ്ലോട്ടിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലെന്ന് ഉറപ്പ് വരുത്തണം.

6. ടി പ്ലോട്ടിനോട് ചേർന്നുള്ള തോടിലെ നീരൊഴുക്കിനെ തടസ്സപ്പെടുത്തുന്ന രീതിയിലോ മലിനമാകുന്ന രീതിയിലോ ഉള്ള യാതൊരു പ്രവർത്തനങ്ങളും നടത്താവുന്നതല്ല.
7. പ്ലോട്ടിലേക്കും പ്രധാന ആശുപത്രി കെട്ടിടത്തിലേക്കും 5 മീറ്ററിൽ കുറയാത്ത വീതിയിലുള്ള രണ്ട് പ്രത്യേക പ്രവേശന മാർഗ്ഗം ലഭ്യമാണെന്ന് ഉറപ്പുവരുത്തുകയും മറ്റ് കെട്ടിടങ്ങളിലേക്ക് ചട്ടം 33 പാലിച്ചുകൊണ്ടുള്ള പ്രവേശന മാർഗ്ഗം ലഭ്യമാണെന്നും ഉറപ്പു വരുത്തണം.
8. ചട്ടം അനുസരിച്ചുള്ള പാർക്കിംഗ് സൗകര്യങ്ങൾ നൽകിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.
9. അംഗപരിമിതർക്കാവശ്യമായ സൗകര്യങ്ങൾ നൽകിയിരിക്കണം.
10. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് -ന്റെ പ്രവർത്തനം മൂലം ചുറ്റുപാടുമുള്ള ജല സ്രോതസ്സുകൾ മലിനമാകുന്നില്ലെന്ന് ഉറപ്പുവരുത്തണം.
11. മലിനജല സംസ്കരണവും പുനരുപയോഗവും നടത്തുന്നതിനുള്ള സൗകര്യങ്ങൾ പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കണം.
12. നിർമ്മാണം നടത്തിയ കെട്ടിടങ്ങൾ അദ്ധ്യായം 20 ലെ വ്യവസ്ഥകൾക്ക് വിധേയമായി ക്രമവൽക്കരിക്കണം.
13. പൊളിച്ചുകളയാനുള്ളത് എന്ന് പ്ലാനിൽ കാണിച്ചിരിക്കുന്ന കെട്ടിടങ്ങളും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്തതുമായ നിർമ്മാണങ്ങൾ പൊളിച്ചു കളയണം.
14. ചട്ടം 120 പ്രകാരം high rise building ന് ആവശ്യമുള്ള സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് സെക്രട്ടറി മുൻപാകെ ഹാജരാക്കണം
15. ആശുപത്രി കെട്ടിടം high rise ആയതിനാൽ മുൻ വശത്ത് (South Side) 5 മീറ്റർ വീതിയുള്ള അഗ്നിശമനവാഹനങ്ങൾക്ക് സഞ്ചാര യോഗ്യമായ റോഡ്, ചട്ടം 117 (1) പ്രകാരം ലഭ്യമാക്കിയിരിക്കണം.
16. Demolish ചെയ്യാൻ കാണിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളും വില്ല ബ്ലോക്ക് ഉൾപ്പെടെ Demolish ചെയ്യണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

ഗിരിജ.കെ.എസ്
ചീഫ് ടൗൺ പ്ലാനർ

ടൗൺ പ്ലാനർ, കൊല്ലം.
പകർപ്പ്:-

1. സെക്രട്ടറി, കൊല്ലം ജില്ലാ സഹകരണ ആശുപത്രി സൊസൈറ്റി ക്ലിപ്തം നമ്പർ. ക്യൂ. 952, പാലത്തറ, തട്ടാമല, കൊല്ലം.
2. സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ, കൊല്ലം.
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം